## പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ ശ്രീ.എം.പി.അജിത് കുമാർ )

വിഷയം : പഞ്ചായത്ത് വകുപ്പ്-ഭരണ ജാഗ്രത- ഇടുക്കി ജില്ല- വണ്ടൻമേട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ.അനിൽകുമാറിനെ സേവനത്തിൽ നിന്ന് സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു

പരാമർശം : (1) പഞ്ചായത്ത് ഡയറക്ടറുടെ 16/08/2018 ലെ ജി2-12156/16 നമ്പർ സർക്കുലർ

(2) വണ്ടൻമേട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.08.2018 തീയതിയിലെ ഇ-മെയിൽ സന്ദേശം

## ഉത്തരവ് നമ്പർ PAN/21919/2018-D8(DP) തീയതി 23/08/2018

സംസ്ഥാനത്തെ ദുരന്തത്തിലാക്കിയ പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും ഉണർന്നു പ്രവർത്തിക്കുന്നതിനും , ഗ്രാമപഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും സന്നദ്ധ പ്രവർത്തകരെയും യോജിപ്പിച്ച് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം വ്യക്തമായ നിർദ്ദേശം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിലെ മറ്റ് ജീവനക്കാരും , മറ്റ് സംഘടനകളും മേൽ പ്രവർത്തികൾക്ക് നേതൃത്വം നൽകിയപ്പോൾ വണ്ടൻമേട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.അനിൽകുമാർ 09.08.2018 തീയതി മുതൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനോടുപോലും അറിയിപ്പ് നൽകാതെ ഓഫീസിൽ ഹാജരാകാതിരുന്നതായും തുടർന്ന് പ്രസിഡന്റ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പരാതി നൽകിയപ്പോൾ അസിസ്റ്റന്റ് സെക്രട്ടറിക്ക് ചാർജ് നൽകിയതായും പരാമർശം (2) പ്രകാരം അറിയിച്ചു.

പ്രളയ ദുരന്തം ഗ്രാമപഞ്ചായത്തിനേയും ബാധിച്ചിട്ടുണ്ട് എന്ന് വ്യക്തമായി അറിയാമായിരിന്നിട്ടും സർക്കാരും വകുപ്പും നൽകിയ നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ച് ആയതിൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സഹകരിച്ച് ഗ്രാമപഞ്ചായത്തിലെയും പഞ്ചായത്തിനു വിട്ടുകിട്ടിയ മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരെയും ജനപ്രതിനിധികളെയും ഏകോപിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ട ടിയാൻ യാതൊന്നിലും പങ്കെടുക്കാതെ മാറി നിന്നത് അതീവഗുരുതരമായി കാണുന്നു. ജീവിതത്തിൽ കഷ്ടപ്പെട്ട് നേടിയ സർവ്വതും നശിച്ച് ദുരിതാശ്വാസക്യാമ്പുകളിൽ കഴിഞ്ഞ പ്രളയബാധിതർക്ക് ഭൗതികവും മാനസികവുമായ പിന്തുണ നൽകികൊണ്ട് അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സഹപ്രവർത്തകർക്ക് അപമാനം ഉണ്ടാക്കുന്ന തരത്തിലുള്ളതായിരുന്നു ടിയാന്റെ പ്രവൃത്തി എന്ന് വിലയിരുത്തുന്നു. സമയാസമയങ്ങളിൽ സർക്കാരും വകുപ്പും പുറപ്പെടുവിക്കുന്ന സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ

അച്ചടക്കരാഹിത്യം കാണിച്ച വണ്ടൻമേട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ.അനിൽകുമാറിനെ സേവനത്തിൽ നിന്ന് അന്വേഷണത്തിനും അച്ചടക്കനടപടികൾക്കും മുന്നോടിയായി ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവ് ഉടൻ നടപ്പിലാക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ് . ശ്രീ.അനിൽകുമാർ എന്നവർക്ക് സസ്പെൻഷൻ കാലയളവിൽ കേരള സിവിൽ സർവ്വീസ് റൂൾ അനുശാസിക്കും പ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ് .

(ഒപ്പ്)
എം.പി.അജിത് കുമാർ
പഞ്ചായത്ത് ഡയറക്ടറുടെ
പൂർണ്ണ അധിക ചുമതല വഹിക്കുന്ന
പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ

ശ്രീ.അനിൽകുമാർ
(സെക്രട്ടറി വണ്ടൻമേട് ഗ്രാമപഞ്ചായത്ത് )
(ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

<u>പകർപ്പ്</u>

(1) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , ഇടുക്കി
(സസ്പെൻഷൻ ഉത്തരവ് അടിയന്തിരമായി നടപ്പിൽ വരുത്തേണ്ടതും പകരം ചുമതല നിശ്ചയിച്ച് നൽകി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്)
(2) സൂപ്രണ്ട് , ഇ സെക്ഷൻ
(3) കരുതൽ /അധികം

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്